## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 974

25.01.2018-ലെ മറുപടി

# അമൃത് പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.എ.പ്രദീപ്കുമാർ | | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കോഴിക്കോട് കോർപ്പറേഷനിൽ അമൃത് പദ്ധതിയുടെ ഭാഗമായി കുടിവെള്ള പദ്ധതികൾ ആരംഭിക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടിയാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ;<br><br>(ബി) പദ്ധതി പ്രകാരം എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ? | (എ)യും (ബി)യും | അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി കോഴിക്കോട് കോർപ്പറേഷനിൽ പഴകിയതും കേടായതും ആയ പൈപ്പുകൾ മാറ്റി പുതിയതും വലുതുമായ ഡി.ഐ/പി.വി.സി പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തികളും പൈപ്പ് ലൈനുകൾ നീട്ടുന്ന പ്രവൃത്തികളുമാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇതിനായി വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി (4 എണ്ണം- 96.32 കോടി രൂപ) ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി കോഴിക്കോട് കോർപ്പറേഷനിൽ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

കോഴിക്കോട് കോർപറേഷൻ - അമൃത് പദ്ധതിയിൽ അനുമതി ലഭിച്ച പ്രവർത്തികൾ

| ക്രമ നമ്പർ | പ്രവർത്തിയുടെ പേര് | ഭരണാനുമതി നമ്പർ | ഭരണാനുമതി ലഭിച്ച തുക (കോടിയിൽ) | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 1 | കോഴിക്കോട് കോർപ്പറേഷനിൽ നിലവിലുള്ള പഴയ പൈപ്പുകൾ, വാൽവുകൾ മാറ്റി പുതിയ ലൈനുകൾ ഇട്ടു വാട്ടർ മീറ്ററുകൾ സ്ഥാപിക്കുന്ന പ്രവർത്തി | 534/2017/LSD തീയതി 23/2/2017 | 17.87 | ടി പ്രവർത്തിക്ക് സാങ്കേതികാനുമതി നൽകി 8 പാക്കേജുകളായാണ് ടെണ്ടർ ചെയ്തിട്ടുള്ളത് . ഇതിൽ 4 പാക്കേജുകളുടെ കരാർ നൽകിയിട്ടുണ്ട്. അതിൻറെ പ്രവർത്തി ഉടൻ ആരംഭിക്കുന്നതാണ്. |
| 2 | കോഴിക്കോട് കോർപ്പറേഷനിൽ നിലവിലുള്ള പഴയ പൈപ്പുകൾ, വാൽവുകൾ മാറ്റി പുതിയ ലൈനുകൾ സ്ഥാപിക്കുന്ന പ്രവർത്തി - ഫേസ് II | 3530/2017/LSGD Dated തീയതി 2/11/2017 | 14.63 | ടി പ്രവർത്തിയുടെ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട് |
| 3 | നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തി കോഴിക്കോട് കുടിവെള്ള വിതരണ പദ്ധതിയുടെ ഗുണനിലവാരം മെച്ചപ്പെടുത്തൽ | 3530/2017/LSGD Dated തീയതി 2/11/2017 | 17.27 | ടി പ്രവർത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 4 | സംയോജിത കോഴിക്കോട് കുടിവെള്ള വിതരണ പദ്ധതി - ഫേസ് II - 10 മേഖലകളിൽ വിതരണ ശൃംഖല സ്ഥാപിക്കൽ | 5/20187/LSGD തീയതി 1/1/2018 | 46.55 | ടി പ്രവർത്തിക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |